# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2131 11.03.2020-ൽ മറുപടിക്ക്**

## വയനാട് ഹാന്റ് ലൂം,പവർലൂം സൊസൈറ്റിയുടെ ഉൽപ്പന്നങ്ങൾ

| ചോദ്യം<br>ശ്രീ.ഒ.ആർ.കേളു | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) മാനന്തവാടി മണ്ഡലത്തിലെ വയനാട് ഹാന്റ് ലൂം പവർലൂം ആന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) & (ബി) വയനാട് ഹാന്റ്‌ലൂം പവർലൂം ആന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന യൂണിഫോം/ടെക്സ്റ്റൈൽ തുണിത്തരങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വിതരണം ചെയ്യുന്നതിന് സ്റ്റോർ പർച്ചേസ് റൂളിൽ 14.08.2020 വരെ ഇളവു നൽകിയിട്ടുണ്ട്. ഇതുപ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് ടി സൊസൈറ്റിയുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ട്. |
| (ബി) ആശുപത്രി, പട്ടികവർഗ്ഗ ഹോസ്റ്റലുകൾ എന്നിവയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | |
| (സി) ഈ സ്ഥാപനത്തിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം മാർഗങ്ങൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) കൈത്തറി വസ്ത്ര ഡയറക്ടേറ്റ് സംഘടിപ്പിക്കുന്ന വിപണന മേളകളും കൈത്തറി ഉൽപന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളും പ്രയോജനപ്പെടുത്തി വയനാട് ഹാന്റ്‌ലൂം പവർലൂം ആന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ